മർക്കോ. 16:14–20

**2023 മെയ് 21**

## വചനഭാഷ്യം

**ഡോ. സോണി മഞ്ഞളി**

# ഉത്ഥിതനെ പ്രഘോഷിക്കാൻ അയയ്ക്കപ്പെടുന്നു

ശിഷ്യഗണത്തിന് പ്രേഷിതദൗത്യം നല്കുന്നതും യേശുവിന്റെ സ്വർഗാരോഹണവുമാണ് ധ്യാന വിഷയം. മഗ്ദലേന മറിയത്തിന് ഉത്ഥിതനായ ക്രിസ്തു പ്രത്യക്ഷപ്പെട്ടതും (16:9–11), എമ്മാവൂസിലേക്ക് പോയ ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടതും (16:12–13) മറ്റ് ശിഷ്യന്മാർ വിശ്വസിക്കുകയോ, സ്വീകരിക്കുകയോ ചെയ്തില്ല. ശിഷ്യന്മാരുടെ ഹൃദയകാഠിന്യത്തെയും, വിശ്വാസരാഹിത്യത്തെയും യേശു കുറ്റപ്പെടുത്തുന്നു. യേശു അവരെ കുറ്റപ്പെടുത്തിയെങ്കിലും എഴുതിതള്ളുന്നില്ല. മറിച്ച് വലിയ പ്രേഷിതദൗത്യം ഏല്പിക്കുന്നു. വളരെ ശ്രമകരവും, ഉത്തരവാദിത്വപൂർണ്ണവുമായ ചുമതലയാണ് അവരെ ഏല്പിക്കുന്നത്. യേശുവിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളായ ശിഷ്യന്മാർ, തങ്ങളുടെ വിശ്വാസം പകർന്നു നല്കണമെന്ന് അവരെ ഓർമ്മിപ്പിക്കുന്നു. എല്ലാവരേയും ചേർത്തുനിർത്തുന്ന, പ്രതീക്ഷയും, പ്രത്യാശയും നല്കുന്ന, യേശുക്രിസ്തുവിന്റെ അനന്തമായ, പരിധികളില്ലാത്ത സ്നേഹമാണ് ഇതിലൂടെ വെളിവാക്കപ്പെടുന്നത്. ശിഷ്യന്മാരെ വിശ്വാസയോഗ്യരാക്കി മാറ്റുകയും ചെയ്യുന്നു. ഉത്ഥാനത്തിന് സാക്ഷികളായ ശിഷ്യന്മാർ, പിന്നീട് എല്ലാവരും തന്നെ ക്രിസ്തുവിന്റെ രക്തസാക്ഷികളായി മാറി.

എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാനുള്ള യേശുവിന്റെ ആഹ്വാനം രക്ഷയുടെ സാർവത്രികമാനം നമുക്ക് നല്കുന്നുണ്ട്. സുവിശേഷം എല്ലാവരുടെയും അവകാശമാണ്. ലോകത്തോടുള്ള ദൈവത്തിന്റെ വലിയ സ്നേഹത്തിന്റെ പ്രകടനവുമാണത്. വിശ്വസിക്കുന്നവന്റെ അനുസരണത്തിന്റെ അടയാളമാണ് അവൻ സ്വീകരിക്കുന്ന മാമ്മോദീസയെന്ന് സുവിശേഷഭാഗം ഓർമ്മപ്പെടുത്തുന്നു.

വി. ഗ്രന്ഥത്തിൽ അടയാളങ്ങൾ പ്രഘോഷണത്തിന്റെ ആധികാരികതയാണ് വിളിച്ചോതുന്നത്. സുവിശേഷത്തിൽ അപ്പസ്തോലന്മാർ യേശുവിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും, രോഗികളെ സുഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് (മർക്കോ. 6:7, 12–13). അവർ ഈ പ്രവർത്തനങ്ങൾ തുടരും എന്ന് യേശു വാഗ്ദാനം ചെയ്യുന്നു (അപ്പ. 2:4, 10:46, 19:6, 1 കോറി. 12:10).

'പുതിയ ഭാഷകൾ സംസാരിക്കും' എന്ന യേശുനാഥന്റെ സൂചന മനുഷ്യബന്ധങ്ങളിലെ സ്നേഹത്തിന്റെ ഭാഷയെക്കുറിച്ചാണ്. ദൈവസാന്നിദ്ധ്യത്തിൽ ജീവിക്കുന്നവർ ബന്ധങ്ങളുടെ ഊഷ്മളതയാണ് ലക്ഷ്യം വയ്ക്കുന്നത്.

'കർത്താവായ യേശു' (മർക്കോ 16:19) എന്നത് ഈ സുവിശേഷഭാഗത്തും, ലൂക്കാ 24:3–ലും നാം കണ്ടെത്തുന്നുണ്ട്. നസറായനായ യേശു ഉത്ഥാനശേഷം ശിഷ്യന്മാർക്ക് പരമാധികാരിയായ 'കർത്താവായ യേശു'വായി മാറി. യേശുവിന്റെ സ്വർഗാരോഹണത്തിന് ശിഷ്യന്മാർ സാക്ഷികളാവുന്നതും, ദൈവത്തിന്റെ വലതുവശത്ത് യേശു ഇരിക്കുന്നതും തന്റെ രക്ഷാകരകർമ്മം പൂർത്തിയാക്കി കഴിഞ്ഞതിന്റെ സൂചനയാണ് (സങ്കീ. 110:1).